# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2585 18.08.2017 - ൽ മറുപടിക്ക്

### പുതിയ റോഡുനിർമ്മാണത്തിനായി ഒഴിവാക്കപ്പെട്ട റോഡുഭാഗങ്ങൾ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഉപയോഗയോഗ്യമല്ലാതാവുകയും ഗതാഗതം ഇല്ലാതാവുകയും ചെയ്യുന്ന പൊതുമരാമത്ത് വകുപ്പിന്റെ പഴയ റോഡുകൾ ഉപയുക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആലോചനയിൽ ഉണ്ടോ ;<br><br>(ബി) പ്രസ്തുത റോഡുകൾ സംബന്ധിച്ച കണക്കുകൾ പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഉണ്ടോ ; വിശദമാക്കാമോ ;<br><br>(സി) ഈ റോഡുകൾ അനുയോജ്യമായ പ്രവൃത്തികൾ നടത്തുന്നതിനായി പഞ്ചായത്തുകൾക്ക് കൈമാറുവാൻ ആലോചിക്കുമോ? | (എ), (ബി) & (സി) റോഡുകൾ റീ അലൈൻമെന്റ് ചെയ്യുമ്പോഴോ, പുതിയ ബൈ- പ്പാസുകൾ നിർമ്മിക്കുമ്പോഴോ നിലവിലുണ്ടായിരുന്ന പഴയ റോഡുകളുടെ ഭാഗം സ്വാഭാവികമായി സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണ്. ദേശീയ പാതകളുടെ കാര്യത്തിലും ഇക്കാര്യം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ No. NH III/P9/77 തീയതി 31/11/1977 -ലേയും National Highways 1 - 40 (1) 68 തീയതി 1/05/1969 - ലേയും ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. ഇങ്ങനെ സർക്കാരിൽ നിക്ഷിപ്തമാകുന്ന റോഡുകൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പിനോ സർക്കാർ നിർദ്ദേശിക്കുന്ന വകുപ്പുകൾക്കോ കൈമാറുകയാണ് പതിവ്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പഴയ റോഡുകൾ ഉപയുക്തമാക്കാൻ പദ്ധതികൾ ഉണ്ടാകുന്നതുവരെ പരിപാലിക്കും. റോഡുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ അതാത് സെക്ഷൻ ഓഫീസുകളിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ